# കമ്പ്യൂട്ടർ ഒളിമ്പിക്സ് സെമി ഫൈനൽ അമൃതയിൽ

അമൃതപുരി: അന്താരാഷ്ട്ര തലത്തിൽ കമ്പ്യൂട്ടർ പ്രോഗ്രാമിംഗിലെ ഒളിമ്പിക്സ് എന്ന് വിശേഷിപ്പിക്കാവുന്ന അസോസിയേഷൻ ഫോർ കമ്പ്യൂട്ടിംഗ് മെഷീനറിയുടെ ആഭിമുഖ്യത്തിൽ തുടർച്ചയായ പതിനൊന്നാം വർഷം അന്താരാഷ്ട്ര പ്രോഗ്രാമിംഗ് മത്സരം അമൃതയിൽ സംഘടിപ്പിക്കും. പ്രോഗ്രാമിംഗ് മേഖലയിലെ ഒളിമ്പിക്സ് എന്ന് വിശേഷിപ്പിക്കാവുന്ന ഈ മത്സരം 21 വരെയാണ്. 240 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നായി മൂന്നുപേരടങ്ങുന്ന 300 ൽ പരം ടീമുകൾ ആയിരിക്കും ഇത്തവണ സെമി ഫൈനൽ മത്സരത്തിൽ പങ്കെടുന്നത്. ഇൻഫോസിസ്, ഡിറക്ട് ഐ, തുടങ്ങിയ സ്ഥാപനങ്ങൾ ഇന്ത്യയിൽ നടത്തുന്ന ഈ മത്സരത്തിന്റെ സ്പോൺസർമാരാണ്. ആഗോളതലത്തിൽ ഐ ബി എം ആണ് സ്പോൺസർ ചെയ്തിരിക്കുന്നത്. പരിപാടിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഐ സി പി സി ഡയറക്ടറായ ഡോ.ബിൽ പൗച്ചർ, വേൾഡ് ഫൈനൽസ് ഡയറക്ടറായ ഡോ.ജെഫ് ഡൊനാഹു എന്നിവർ പരിപാടിയിൽ മുഖ്യാതിഥികളായിരിക്കും.